# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4159** **25.06.2018 ലെ മറുപടി**

## കടലാക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഓഖി ദുരന്തത്തിനുശേഷം ഭാവിയിൽ കടലാക്രമണം തടയുന്നതിന് താനൂർ തീരപ്രദേശവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) ഓഖി ദുരന്തത്തിനുശേഷം താനൂർ മുനിസിപ്പാലിറ്റിയിലെ തീര പ്രദേശങ്ങളിലെ കടൽഭിത്തി തകരുകയും കടൽഭിത്തി യില്ലാത്ത സ്ഥലങ്ങളിലൂടെ കടലാക്രമണം രൂക്ഷമാകുമ്പോൾ തിര ഇരച്ചുകയറി കേടുപാടുകൾ വരികയും ചെയ്തിട്ടുണ്ട്. തകരാറുകൾ പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മേജർ ഇറിഗേഷൻ മുഖേന താനൂർ തീരദേശത്തെ കടലാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;<br><br>(സി) ഇപ്രകാരം ലഭിച്ച നിർദ്ദേശങ്ങൾ പഠനവിധേയമാക്കി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും താനൂർ തീരദേശത്തെ കടലാക്രമണം തടയുന്നതിനായി താനൂർ മുനിസിപ്പാലി റ്റിയിൽ അൽബസാറിൽ സി.ഇ.എസ്.സി.പി. 1667 നു 69 മീറ്റർ വടക്ക് നിന്ന് 200 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തിയുടെ പുനരുദ്ധാരണം (121 ലക്ഷം രൂപ) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ കടൽഭിത്തിയുടെ അറ്റകുറ്റപണികളുടെ എസ്റ്റിമേറ്റുകൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കി ലെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കൂടാതെ പുതിയ കടൽഭിത്തി നിർമ്മാണത്തിന് 2018-19 ൽ താഴെപ്പറയുന്ന പ്രവൃത്തികൾ 100 രൂപ ടോക്കൺ പ്രൊവിഷനോടെ ഉൾപ്പെ- ടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികളെടുത്തുവരുന്നു.<br><br>1. താനൂർ മുനിസിപ്പാലിറ്റിയിലെ |

എടക്കടപ്പുറത്ത് സി.ഇ.എസ്.സി.പി 1653 ന് 65 മീറ്റർ തെക്ക് നിന്ന് 195 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം

2. താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കടപ്പുറത്ത് സി.ഇ.എസ്.സി.പി 1655 ന് 30 മീറ്റർ തെക്ക് നിന്ന് 120 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം

3. താനൂർ മുനിസിപ്പാലിറ്റിയിൽ എളാരം കടപ്പുറത്ത് സി.ഇ.എസ്.സി.പി 1658 ന് 30 മീറ്റർ തെക്ക് നിന്ന് 120 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം.

സെക്ഷൻ ഓഫീസർ